ഉത്തരം

(എ)-(സി) പ്ളാന്റേഷൻ കോർപ്പറേഷനിൽ 6 വകുപ്പ് മേധാവികളുണ്ട്. അവരാരുംതന്നെ 8 കിലോമീറ്റർ പരിധിക്കുള്ളിലല്ല താമസിക്കുന്നത്.

(ഡി) 8 കിലോമീറ്റർ പരിധിക്കുള്ളിൽ താമസിക്കണമെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫീസേഴ്സ് റൂൾസിൽ വ്യവസ്ഥയില്ലാത്തതിനാൽ ആ പരിധിക്ക് പുറത്ത് താമസിക്കുന്നതിന് പ്രത്യേക അനുവാദം വാങ്ങേണ്ടതില്ല.

159 (1891) പ്ലാന്റേഷൻ കോർപ്പറേഷനിലെ ക്വാർട്ടേഴ്സ്

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പ്ലാന്റേഷൻ കോർപ്പറേഷൻ വകുപ്പു മേധാവികൾക്ക് താമസിക്കുവാൻ എത്ര ക്വാർട്ടേഴ്സുകൾ കോട്ടയത്ത് പണിതിട്ടുണ്ട്;

(ബി) അവയ്ക്ക് ഓരോന്നിനും എത്രരൂപ വീതം ചെലവായി; അവയിൽ ഓരോന്നിലും ആരൊക്കെ താമസിക്കുന്നു; എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നു;

(സി) ഈ ഓരോ ക്വാർട്ടേഴ്സിനും എത്ര സ്ക്വയർ അടി വിസ്തീർണ്ണം ഉണ്ട്; ഇവ ഓരോന്നും എത്ര ഫ്ളോറുകൾ വീതമാണ്; ഇപ്പോൾ നിലവിലുള്ള പ്രാദേശിക നിരക്കിൽ ഓരോ ക്വാർട്ടേഴ്സിനും എത്ര രൂപ വീതം വാടക നിശ്ചയിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് ക്വാർട്ടേഴ്സുകൾ പണിതിട്ടുണ്ട്.

(ബി) 1988-ൽ പണിത ക്വാർട്ടേഴ്സിന് 2,32,612 രൂപയും 1998 ൽ പണിത ക്വാർട്ടേഴ്സിന് 6,15,418 രൂപയും ചെലവായി. ഈ രണ്ട് ക്വാർട്ടേഴ്സുകളും ഒഴിഞ്ഞു കിടക്കുകയാണ്.

(സി) 1988-ൽ പണി തീർത്ത ക്വർട്ടേഴ്സിന് 2659 സ്ക്വയർ ഫീറ്റും 1998 ൽ പണി തീർത്ത ക്വാർട്ടേഴ്സിന് 2084 സ്ക്വയർഫീറ്റും വിസ്തീർണ്ണമുണ്ട്. രണ്ട് ക്വാർട്ടേഴ്സിനും രണ്ട് നിലകൾ വീതമുണ്ട്. ഇപ്പോൾ നിലവിലുള്ള പ്രാദേശിക നിരക്കിൽ ഓരോ ക്വാർട്ടേഴ്സിനും എത്ര രൂപ വീതം വാടക ലഭിക്കുമെന്ന് നിശ്ചയിച്ചിട്ടില്ല.

160 (1892) പ്ലാന്റേഷൻ കോർപ്പറേഷനിലെ എം.ഡിയുടെ ക്വാർട്ടേഴ്സ്

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ക്വാർട്ടേഴ്സ് പണിതിട്ടുണ്ടോ? എങ്കിൽ എം.ഡി. അവിടെ താമസിക്കുന്നുണ്ടോ? ഇല്ലാ എങ്കിൽ എവിടെ താമസിക്കുന്നു.;

(ബി) മാനേജിംഗ് ഡയറക്ടറിൽ നിന്നും വീട്ടു വാടക പിടിക്കുന്നുണ്ടോ? സർക്കാർ നിബന്ധന പാലിയ്ക്കുന്ന വിധത്തിലുള്ള ദൂര പരിധിയി

LIBRARY ARCHIVES Kerala Legislative Assembly

ലാണോ എം.ഡി. താമസിക്കുന്നത്. ഇല്ലെങ്കിൽ ഇതിനു സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ;

(സി) മാനേജിംഗ് ഡയറക്ടറുടെ ക്വാർട്ടേഴ്സ് ഒഴിഞ്ഞു കിട ക്കുകയാണോ? ഈ ക്വാർട്ടേഴ്സിന്റെ വിസ്തീർണ്ണം എത്രയാണ്. ഓരോ നില കളിലുമായി എത്ര വിസ്തീർണ്ണം ഉണ്ട്;

(ഡി) കോർപ്പറേഷൻ ജീവനക്കാരുടെ പക്കൽ നിന്നും പെനാൽറ്റി വാടക പിടിയ്ക്കാൻ നിശ്ചയിച്ച തോതിൽ പ്രസ്തുത ക്വാർട്ടേഴ്സിന് എന്തു വാടക കണക്കാക്കാം എന്നറിയിക്കുമോ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടർക്ക് ക്വാർട്ടേഴ്സ് പണിതിട്ടുണ്ട്. മാനേജിംഗ് ഡയറക്ടർ അവിടെ താമസിക്കുന്നില്ല.

(ബി) സർക്കാർ അനുവദിച്ചിട്ടുള്ള വീട്ടുവാടക അലവൻസ് മാനേ ജിംഗ് ഡയറക്ടർക്ക് നൽകുന്നില്ല. മാനേജിംഗ് ഡയറക്ടറുടെ താമസ സ്ഥല ത്തിന്റെ ദൂരപരിധി സംബന്ധിച്ച് സർക്കാർ പ്രത്യേക നിബന്ധനയൊന്നും പുറ പ്പെടുവിച്ചിട്ടില്ല.

(സി) ഒഴിഞ്ഞു കിടക്കുകയാണ്. ഈ ക്വാർട്ടേഴ്സിന്റെ മൊത്തം വിസ്തീ: 247 സ്കയർ മീറ്ററാണ്. താഴത്തെ നിലയിൽ 135.96 സ്കയർ മീറ്ററും കാർപോർച്ചിന് 37.29 സ്കയർ മീറ്ററും രണ്ടാം നിലയ്ക്ക് 75.75 സ്കയർ മീറ്ററും വിസ്തീർണ്ണമുണ്ട്.

(ഡി) കോർപ്പറേഷൻ ജീവനക്കാർ ട്രാൻസ്ഫർ ആയി പോകുമ്പോൾ ആദ്യം താമസിച്ചിരുന്ന ക്വാർട്ടേഴ്സ് ഒഴിഞ്ഞുകൊടുക്കാതെ കൈവശം വച്ചു കൊണ്ടിരിക്കുമ്പോൾ അവരിൽ നിന്നും പെനാൽറ്റി വാടക പിടിക്കാറുണ്ട്. മാനേജിംഗ് ഡയറക്ടർ കോർപ്പറേഷന്റെ സർവ്വീസിൽ തുടരുന്നതിനാൽ ടീ നിബന്ധന ഇവിടെ ബാധകമല്ല.

161 (1893) പ്ലാന്റേഷൻ കോർപ്പറേഷൻ വകുപ്പ് മേധാവികളുടെ വിദ്യാഭ്യാസയോഗ്യത

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ വകുപ്പ് മേധാവികൾക്കോരോരു ത്തർക്കും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയും പരിചയവും എന്തൊ ക്കെയാണ്;

(ബി) ഇപ്പോൾ ചാർജിൽ നിയമിച്ചിട്ടുള്ളവർക്ക് ഈ തസ്തി കൾക്കുള്ള വിദ്യാഭ്യാസ യോഗ്യതയോ പരിചയമോ ഉണ്ടോ;

(സി) ചാർജിൽ ഇരിക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്;

(ഡി പ്ലാന്റേഷൻ കോർപ്പറേഷനിൽ ഈ തസ്തികകൾ വഹിക്കുന്ന തിന് വേണ്ടുന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളവരുണ്ടോ; എങ്കിൽ ആരൊക്കെ;

LIBRARY ARCHIVES Kerala Legislative Assembly